# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# ആലത്തൂർ ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2024-2025

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## ജില്ലാ ഓഡിറ്റ് കാര്യാലയം

## പാലക്കാട്-678001

## ഇ-മെയിൽ: dopkd.ksad@kerala.gov.in

## ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.പി.കെ.ഡി.പി 8 -1073/25

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 18/09/2025
ഇ-മെയിൽ:
dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ആലത്തൂർ ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : ആലത്തൂർ ബ്ലോക്ക് പഞ്ചായത്തിന്റെ **2024-2025** സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആലത്തൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1.ഡയറക്ടർ. കെ.എസ്.എ.ഡി
2.

നമ്പർ: കെ.എസ്.എ.പി.കെ.ഡി.പി 8 -1073/25 തീയ്യതി: 18/09/2025

# പാലക്കാട് ജില്ലയിലെ ആലത്തൂർ ബ്ലോക്ക് പഞ്ചായത്തിന്റെ **2024-2025** സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ ആലത്തൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 10-06-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 18-06-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള

പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സാബു.പി.എസ് | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 09-06-2025 | 18-06-2025 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 09-06-2025 | 18-06-2025 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

സുസ്മിത.കെ.വി - ഓഡിറ്റ് ഓഫീസർ

സരിത.പി - അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ബേബി.കെ - ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.രജിനി ബാബു | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീമതി.പ്രിയ.പി.പി | സെക്രട്ടറി | 01-04-2024 | 05-09-2024 |
| ശ്രീ.ഹസ്സൻ എം | സെക്രട്ടറി-ഇൻ-ചാർജ്ജ് | 06-09-2024 | 11-09-2024 |
| ശ്രീ.ഗിരീഷ്.ഇ.വി | സെക്രട്ടറി | 12-09-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.റാണി ആർ.ഉണ്ണിത്താൻ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01-04-2024 | 07-04-2024 |
| ശ്രീമതി.മഞ്ജു.എസ്.പി | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 08-04-2024 | 23-07-2024 |
| ശ്രീമതി.റാണി ആർ.ഉണ്ണിത്താൻ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 24-07-2024 | 10-12-2024 |

| | | | |
|---|---|---|---|
| ശ്രീ.വിനേഷ് കുമാർ.കെ.വി | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 11-12-2024 | 31-03-2025 |
| ശ്രീലത.എം.ജി | ക്ഷീര വികസന ഓഫീസർ | 01-04-2024 | 03-06-2024 |
| അശ്വതി.വി.എ | ക്ഷീര വികസന ഓഫീസർ | 04-06-2024 | 31-03-2025 |
| ഡോ. സി.യു.സജിത്കുമാർ | സീനിയർ വെറ്ററിനറി സർജൻ | 01-04-2024 | 31-03-2025 |
| ശ്രീമതി. ബിന്ദു.ടി | ശിശു വികസനഓഫീസർ, ആലത്തൂർ | 01-04-2024 | 31-03-2025 |
| ശ്രീ. അരുൾകുമാർ.കെ | പട്ടികജാതി വികസനഓഫീസർ | 01-04-2024 | 27-05-2024 |
| ശ്രീ. സുന്ദരൻ.കെ | പട്ടികജാതി വികസനഓഫീസർ | 28-05-2024 | 31-01-2025 |
| ശ്രീ.എൽദോസ്.എം.പി | പട്ടികജാതി വികസനഓഫീസർ | 01-02-2025 | 31-03-2025 |
| ശ്രീ. അബൂസയിദ് .എസ് | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2024 | 31-03-2025 |

| | | | |
|---|---|---|---|
| ഡോ. ദീപക്.എസ്.കെ | മെഡിക്കൽഓഫീസർ (സി.എച്ച്. സി-പഴമ്പാലക്കോട്) | 01-04-2024 | 28-02-2025 |
| ഡോ.വിനോജ്.കെ.വി | മെഡിക്കൽഓഫീസർ (സി.എച്ച്. സി-പഴമ്പാലക്കോട്) | 01-03-2025 | 31-03-2025 |
| ഡോ. ശ്രീജ.ആർ അസിസ്റ്റന്റ് സർജൻ | മെഡിക്കൽ ഓഫീസർ, (സി.എച്ച്.സി-വടക്കഞ്ചേരി) | 01-04-2024 | 26-06-2024 |
| ഡോ.ഷരീഫ.ഇ.പി, സിവിൽ സർജൻ | മെഡിക്കൽ ഓഫീസർ, (സി.എച്ച്.സി-വടക്കഞ്ചേരി) | 27-06-2024 | 09-09-2024 |
| ഡോ.ജയന്ത്.വി.ആർ, സിവിൽ സർജൻ | മെഡിക്കൽ ഓഫീസർ, (സി.എച്ച്.സി-വടക്കഞ്ചേരി) | 10-09-2024 | 31-03-2025 |
| ശ്രീമതി സബാന.എ | വ്യവസായ വികസന ഓഫീസർ | 01-04-2024 | 30-08-2024 |
| ശ്രീമതി.ദീപ പി | വ്യവസായ വികസന | 31-08-2024 | 31-10-2024 |

| | | | |
|---|---|---|---|
| | ഓഫീസർ | | |
| ശ്രീ.ഷമീർ.എസ് | വ്യവസായ വികസന ഓഫീസർ | 01-11-2024 | 31-03-2025 |
| ഡോ. ബിജോയ് കുമാർ.പി.കെ | സൂപ്രണ്ട്, താലൂക്ക് ഹോസ്പിറ്റൽ | 01-04-2024 | 13-05-2024 |
| ഡോ.അജയകുമാർ.ആർ | സൂപ്രണ്ട്, താലൂക്ക് ഹോസ്പിറ്റൽ | 14-05-2024 | 31-03-2025 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - കൃത്യമല്ല | 1-1-1 |
| 3 | ജേർണ്ണൽ വൌച്ചറുകളുടെ ആധികാരികത വ്യക്തമല്ല | 1-1-2 |
| 4 | Capital Work In Progress-രേഖകൾ ലഭ്യമായില്ല | 1-1-3 |
| 5 | ആസ്തി രജിസ്റ്റർ കാലികമല്ല | 1-1-4 |
| 6 | ഡെപ്പോസിറ്റ് രജിസ്റ്റർ പൂർണ്ണമല്ല | 1-1-5 |
| 7 | ബജറ്റ് | 1-2 |
| 8 | സാമ്പത്തിക വിശകലനം | 1-3 |
| 9 | ഫണ്ട് വിനിയോഗം | 1-4 |
| 10 | പദ്ധതി അവലോകനം | 1-5 |
| 11 | ക്യാഷ് ബാലൻസ് പരിശോധന | 1-6 |
| 12 | ആഭ്യന്തരനിയന്ത്രണം | 1-7 |
| 13 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-8 |

| | | |
|---|---|---|
| 14 | 2025ഏപ്രിൽ മുതൽ നാളിതുവരെയുള്ള പ്രതിമാസ റീകൺസിലേഷൻ നടത്തിയിട്ടില്ല | 1-9 |
| 15 | ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്ത വ്യക്തികൾക്ക് കാലിത്തീറ്റ നൽകി | 1-10 |
| 16 | പട്ടികജാതി വികസന ഓഫീസർ നടപ്പിലാക്കിയ പദ്ധതികളിലെ അപാകങ്ങൾ | 1-11 |
| 17 | ഒരേ വാഹനം ഒരേ സമയം ഒന്നിലധികം യൂണിറ്റുകളിൽ ഓടി വാഹന വാടക കൈപ്പറ്റി-7950 രൂപ അധികം നൽകി | 1-12 |
| 18 | വടക്കഞ്ചേരി സാമൂഹികാരോഗ്യകേന്ദ്രം - സോളാർ പാനൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല | 1-13 |
| 19 | "കാർബൺ സന്തുലിത താലൂക്ക് ആശുപത്രി- സോളാർ സ്ഥാപിക്കൽ" പദ്ധതി പൂർത്തീകരിച്ചിട്ടില്ല | 1-14 |
| 20 | കാർബൺ സന്തുലിത ബ്ലോക്ക് ഓഫീസ്- സോളാർ പാനൽ സ്ഥാപിക്കൽ പ്രവൃത്തി പൂർത്തിയിയിട്ടില്ല | 1-15 |
| 21 | സോളാർ സ്ഥാപിക്കൽ - പദ്ധതി പൂർത്തിയായില്ല | 1-16 |
| 22 | മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിച്ച് ഓഫീസിലേക്ക് ഫിറ്റ്നെസ് ഉപകരണങ്ങൾ വാങ്ങി | 1-17 |
| 23 | ഭൗതികസാഹചര്യങ്ങൾ ഒരുക്കാതെ ഫിറ്റ്നെസ് സെന്ററിലേക്ക് ഉപകരണങ്ങൾ വാങ്ങി | 1-18 |

| | | |
|---|---|---|
| 24 | മരാമത്ത് പ്രവൃത്തികൾ - പൊതു അപാകതകൾ | 1-19 |
| 25 | പി.എം.എ വൈ പദ്ധതി തത്സ്ഥിതി | 1-20 |
| 26 | ഹെൽത്ത് ഗ്രാന്റ് - വിനിയോഗവും ഫലപ്രാപ്തിയും അവലോകനം | 1-21 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | ഒരു വാഹനം ഒരേ സമയം ഒന്നിലധികം സ്ഥലങ്ങളിൽ ഓടിയതായി കാണിച്ച് തുക കൈപ്പറ്റി | 3-1 |
| ഭാഗം **4** | | |
| 1 | മെഡിസെപ് പ്രീമിയം ഒടുക്ക്-സംബന്ധിച്ച പരിശോധന | 4-1 |
| 2 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-2 |
| 3 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-3 |
| 4 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-5 |
| 6 | വായ്പ / വായ്പാതിരിച്ചടവ് | 4-6 |
| 7 | സ്ഥിരനിക്ഷേപം | 4-6 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |

| | | |
|---|---|---|
| 9 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-9 |
| 10 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-12 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷികകണക്കുകളുടെ സംക്ഷിപ്തം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്.

1. ആലത്തൂർബ്ലോക്ക് പഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ **23-04-2025** ലെ **2(1)** -ാം നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി **8-05-2025-**ാം തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാനവൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

ബി. <u>വിശേഷണങ്ങളോട് കൂടിയ അഭിപ്രായം</u>

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ

വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ആലത്തൂർ ബ്ലോക്ക് പഞ്ചായത്തിന്റെ **2024-25** വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ **31.03.2025**ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും **31.03.2025**ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം: പാലക്കാട്,

തീയതി: 18-09-2025.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

## 1-1-1 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - കൃത്യമല്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2024-25 കാലയളവിലെ "Net Increase/Decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 13,604,678 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2024-25 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 15,358,793 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും ബ്ലോക്ക് പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

## 1-1-2 ജേർണ്ണൽ വൌച്ചറുകളുടെ ആധികാരികത വ്യക്തമല്ല

ഇൻകം&എക്സ്പെൻഡീച്ചർ അക്കൌണ്ട് (ഐ-18) പ്രകാരം ജേർണ്ണൽ വൌച്ചർ പ്രകാരം

വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരികരിക്കപ്പെട്ട വൌച്ചറുകളൊ രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക് ഷീറ്റുകളൊ ഓഡിറ്റിന് ലഭ്യമാക്കിയില്ല. ആയതിനാൽ ഈയിനത്തിലെ 44,043 രൂപ ക്രമീകരിച്ചത് നിയമാനുസൃതം ആണെന്നൊ കൃത്യമാണെന്നോ ഉറപ്പുവരുത്തുന്നതിന് കഴിഞ്ഞിട്ടില്ല.

## 1-1-3 Capital Work In Progress-രേഖകൾ ലഭ്യമായില്ല

ഷെഡ്യൂൾ ബി-11(a): Capital Work In Progress- ലെഡ്ജർ ബാലൻസായി 1,214,680 രൂപയുടെ നീക്കിയിരിപ്പ് രേഖപ്പെടുത്തിയിരിക്കുന്നു. ആയതിന്റെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമായില്ല.

## 1-1-4 ആസ്തി രജിസ്റ്റർ കാലികമല്ല

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-11 (Fixed Assets) – ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തികളുടെ വിവരം ഏത് കാലയളവ് വരെ കാലികമാക്കിയിട്ടുണ്ട് എന്ന് വ്യക്തമല്ലാത്തതിനാൽ പ്രസ്തുത ഷെഡ്യൂളിന്റെ കൃത്യത ഉറപ്പാക്കുവാൻ കഴിഞ്ഞിട്ടില്ല. സിംഗിൾ എൻട്രി അക്കൌണ്ടിംഗ് സംവിധാനത്തിൽ നിന്നും ഡബിൾ എൻട്രി അക്കൌണ്ടിംഗ് സംവിധാനത്തിലേയ്ക്ക് മാറിയ ഘട്ടത്തിൽ ആസ്തി ബാധ്യതകൾ കൃത്യമായി നിർണ്ണയിക്കാതിരിക്കുകയും തുടർന്ന് കാലികമാക്കാതിരിക്കുകയും ചെയ്യതിനാൽ ധനകാര്യപത്രികയിൽ നൽകിയിട്ടുള്ള ആസ്തി-അവയുടെ മൂല്യശോഷണ കണക്കുകൾ കൃത്യമല്ല.

## 1-1-5 ഡെപ്പോസിറ്റ് രജിസ്റ്റർ പൂർണ്ണമല്ല

ഡെപ്പോസിറ്റ് രജിസ്റ്റർ പൂർണ്ണമല്ല. ആയതിനാൽ വാർഷിക കണക്ക് ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-7 പ്രകാരമുള്ള തുകകളുടെ കൃത്യത ഉറപ്പാക്കുവാൻ സാധിച്ചിട്ടില്ല. വാർഷിക കണക്കിലെ ബ-7 ഷെഡ്യൂൾ പ്രകാരം ഡെപ്പോസിറ്റ് ഇനത്തിൽ ₹ 612,881/-ബാദ്ധ്യതയായി രേഖപ്പെടുത്തിയിട്ടുണ്ട്.

## 1-2 ബജറ്റ്

2024-25 വർഷത്തെ ബജറ്റ് 8/02/2024 തീയതിയിലെ തീരുമാനം (1) പ്രകാരം അംഗീകരിച്ചു. 26.03.2025-ലെ1(1)-ാം നമ്പർ തീരുമാന പ്രകാരം ബജറ്റ് പരിഷ്ക്കരിച്ചിട്ടുണ്ട്.

| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 353450 | 1685970070 | 1686323520 | 1685831520 | 492000 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 10788502 |
| ഓഡിറ്റ് വർഷത്തെ വരവ് | 150209353 |
| ആകെ | 160997855 |
| ചെലവ് | 136604675 |
| നീക്കിയിരിപ്പ് | 24393180 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ | തൻവർഷ | ആകെ | ചെലവ് | നീക്കിയിരിപ്പ്/ |
|---|---|---|---|---|---|

| | ബാക്കി | വരവ് | | | ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ | 0 | 39628000 | 39628000 | 38184234 | 1443766 |
| വികസനഫണ്ട് എസ്.സി.പി | 0 | 30274000 | 30274000 | 24776400 | 5497600 |
| വികസനഫണ്ട് ടി.എസ്.പി | 0 | 1016000 | 1016000 | 1016000 | 0 |
| മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 0 | 38629000 | 38629000 | 35337816 | 3291184 |
| CFC-Tied(Bank) | 1251256 | 14744500 | 15995756 | 5911118 | 10084638* |
| CFC-UnTied(Bank) | 5860166 | 7098550 | 12958716 | 4305299 | 8653417* |

CFC-Closing Balance -Bank- 18826786
As Per B/S- 18738055
Difference- 88731
( Recoveries Paid In April- 24748 , 10% Bill Amount Of Kanakkannur Library Paid On 9.4.25-63983)

<u>കേന്ദ്രഫണ്ട് (ബാങ്ക് അക്കൗണ്ട് പ്രകാരം)</u>

| | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഐ എ വൈ പ്ലാൻ ഫണ്ട് | 317018 | 6290 | 323308 | 100000 | 223308 |
| ശുചിത്വ മിഷൻ / ടി.എസ്.സി | 74027 | 2988 | 77015 | 0 | 77015 |
| പി എം.കെ.എസ്.വൈ | 2304581 | 65724 | 2370305 | 118 | 2370187 * |
| MP LAD | 828671 | 6756 | 835427 | 835427 | 0 |
| ഹെൽത്ത് ഗ്രാന്റ് | 88834 | 2904717 | 2993551 | 8936 | 2984615 |

. *വിനിയോഗിക്കാതെ നിഷ്ക്രിയമായി അവശേഷിക്കുന്ന തുകകൾ തിരിച്ചടക്കേണ്ടതാണ്

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 227 | 231371138 | 169 | 115856717 | 58 | 74.4 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നടത്തിപ്പ് വിശദാംശങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി അസി.ഡയറക്ടർ | 4 | 4 | 7577750 | 7577750 | 100 |
| ഐ.ഇ.ഒ | 2 | 1 | 1835000 | 750000 | 41 |
| സി.ഡി.പി.ഒ | 20 | 19 | 8536272 | 7772724 | 91 |
| പട്ടികജാതി വികസന ഓഫീസർ | 8 | 7 | 5976081 | 3573263 | 60 |

| | | | | | |
|---|---|---|---|---|---|
| സെക്രട്ടറി | 49 | 37 | 111871864 | 34832420 | 31 |
| അസി.എക്സി. എഞ്ചിനിയർ | 97 | 58 | 68501078 | 36231650 | 53 |
| മെഡിക്കൽ ഓഫീസർ-CHC | 39 | 35 | 24600071 | 22730572 | 92 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 8 | 8 | 2473022 | 2388338 | 97 |
| ആകെ | 227 | 169 | 231371138 | 115856717 | 50 |

## 1-6 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.06.2025 തീയതിയിൽ 3.00 PM സമയത്ത് അക്കൌണ്ടിന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബുക്ക് പ്രകാരം നിലവിൽ സ്ഥാപനത്തിൽ നീക്കിയിരിപ്പില്ല.

## 1-7 ആഭ്യന്തരനിയന്ത്രണം

ബ്ലോക്ക് പഞ്ചായത്ത് K- SMART സംവിധാനത്തിലേക്ക് 01.04.2025 മുതൽ മാറിയിരുന്നു. തുടർന്നുള്ള കാലയളവിലെ വരവ് ചെലവുകൾ കൃത്യമായി അക്കൗണ്ട് ചെയ്യുകയോ പ്രതിമാസ റീകൺസിലിയേഷൻ നടത്തുകയോ ചെയ്തിട്ടില്ല. ഓഡിറ്റ് വർഷത്തെ (2024-25) രേഖകൾ

കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്.

ഭൗതികസാഹചര്യങ്ങൾ ഒരുക്കുന്നതിന് മുൻപ് തന്നെ ഫിറ്റ്നസ് സെന്ററുകളിലേക്ക് ഉപകരണങ്ങൾ വാങ്ങിയതിനാൽ അവ നിഷ്ക്രിയമാവുന്നതിന് ഇടയായി. പൊതുമരാമത്ത് പ്രവൃത്തികൾ പലതും സമയബന്ധിതമായി നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. പാലിയേറ്റീവ് കെയർ പദ്ധതിയുടെ നടത്തിപ്പും രേഖകളുടെ സൂക്ഷിപ്പും കൂടുതൽ കാര്യക്ഷമമാകേണ്ടതുണ്ട്.

## 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

03.12.2018 മുതൽ 11.12.2018 വരെ നടന്ന അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിൽ 2013-14 മുതൽ 2017-18 വരെയുള്ള കണക്കുകളാണ് പരിശോധിച്ചിട്ടുള്ളത്. റിപ്പോർട്ട് 17.01.2019 ന് ലഭിച്ചിട്ടുണ്ട്. തീർപ്പാക്കാൻ അവശേഷിക്കുന്ന പരാമർശങ്ങൾ ഇല്ല.

പെർഫോമൻസ് ഓഡിറ്റ് 29.09.2023 മുതൽ 13.10.2023 വരെയുള്ള കണക്കുകൾ പരിശോധിച്ചിട്ടുണ്ട്. റിപ്പോർട്ട് 18.03.2024 ന് ലഭിച്ചിട്ടുണ്ട്. തീർപ്പാക്കാൻ അവശേഷിക്കുന്ന പരാമർശങ്ങൾ ഇല്ല. ഇതിനുശേഷം പെർഫോമൻസ് ഓഡിറ്റ് നടന്നിട്ടില്ല.

## 1-9 2025ഏപ്രിൽ മുതൽ നാളിതുവരെയുള്ള പ്രതിമാസ റീകൺസിലേഷൻ നടത്തിയിട്ടില്ല

കേരള സർക്കാർ തദ്ദേശ സ്വയം ഭരണ (ആർ.ഡി) വകുപ്പിന്റെ 28/3/2011 തീയതിയിലെ ജി.ഓ.(എം.എസ്)83/11/എൽ.എസ്.ജി.ഡി നമ്പർ വിജ്ഞാപനത്തിലെ അക്കൌണ്ടിങ്ങ് ചട്ടം 57പ്രകാരം ബാങ്ക് ബുക്കുകളിലെ നീക്കിയിരിപ്പുകൾ ഓരോ മാസത്തിന്റെയും അവസാനം ലഭിക്കുന്ന ബാങ്ക്/ട്രഷറി അക്കൌണ്ട് ബാലൻസ് സ്റ്റേറ്റ്മെന്റുകളുമായി നീക്കിയിരുപ്പുമായി

പൊരുത്തപ്പെടുത്തേണ്ടതാണ്. പൊരുത്തപ്പെടുത്തൽ പ്രക്രിയ പൂർത്തിയായി കഴിഞ്ഞാൽ അടുത്ത അഞ്ചാം തീയതിക്കകം അക്കൌണ്ടന്റ് പൊരുത്തപ്പെടുത്തൽ പത്രിക തയ്യാറാക്കേണ്ടതാണ്. ടി പത്രിക സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്. എന്നാൽ ബ്ലോക്ക്പഞ്ചായത്ത് ഉപയോഗിക്കുന്ന ബാങ്ക് അക്കൌണ്ടുകളുടെ 2025 ഏപ്രിൽ മുതൽ നാളിതുവരെയുള്ള റീകൺസീലിയേഷൻ പൂർത്തീകരിച്ചിട്ടില്ല.

ഇതു സംബന്ധിച്ച എൻക്വയറിയ്ക്ക്(17/18.06.25) ലഭ്യമാക്കിയ മറുപടി പ്രകാരം നിലവിൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ 10.04.2025 തിയ്യതിയിലെ സർക്കാർ ഉത്തരവ് (കൈ നം.66/2025/എൽ എസ് ജി ഡി. അടിസ്ഥാനത്തിൽ സംസ്ഥാനത്തെ മുഴുവൻ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളും K Smart Software Implement ചെയ്തിട്ടുണ്ട്. എന്നാൽ പ്രതിമാസ റീകൺസിലിയേഷൻ നടത്തുന്നതിനുള്ള സജ്ജീകരണം നാളിതുവരെ സോഫ്റ്റ് വെയറിൽ ലഭ്യമായിട്ടില്ല. റീകൺസിലിയേഷൻ ചെയ്യുന്നതിനുള്ള ഓപ്ഷൻ ലഭ്യമാകുന്ന മുറയ്ക്ക് റീകൺസിലിയേഷൻ പൂർത്തികരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

കേരള അക്കൌണ്ടസ് ചട്ടങ്ങൾ ചട്ടം 60 പ്രകാരമുള്ള റസീറ്റ് ആൻഡ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് 10 തീയതിയ്ക്ക് മുമ്പായി സെക്രട്ടറി ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയ്ക്ക് സമർപ്പിക്കേണ്ടതാണ്. ടി പത്രിക ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ഓഡിറ്റിങ്ങിനും പരിശോധനയ്ക്കും ശേഷം വരുന്ന പഞ്ചായത്ത് യോഗത്തിൽ അവതരിപ്പിക്കേണ്ടതാണ്. ആയതിന് അനുസരിച്ച് ചട്ടം 57 പ്രകാരമുള്ള പെരുത്തപ്പെടുത്തൽ പത്രിക തയ്യാറാക്കേണ്ടതാണ്. സോഫ്റ്റ്വെയറിൽ നിലവിൽ ഇവ തയ്യാറാക്കുന്നതിനുള്ള സംവിധാനമില്ല.

## 1-10 ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്ത വ്യക്തികൾക്ക് കാലിത്തീറ്റ നൽകി

| | |
|---|---|
| പ്രൊജക്റ്റ്- | 104/25-എസ്.സി വിഭാഗം കാലിത്തീറ്റ വാങ്ങി നൽകൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| അടങ്കൽ | 125000രൂപ (വികസന ഫണ്ട് എസ്.സി.പി-100000, ഗുണഭോക്തൃവിഹിതം-25000) |
| ചെലവ്: | 125000രൂപ ബിൽ നം. 06/24-25 Dt. 23.01.2025 100,000 |

ചുണ്ടക്കാട് ക്ഷീര സംഘത്തിന്റെ കാലിത്തീറ്റ വിതരണ ലിസ്റ്റ് പ്രകാരം ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്ത വ്യക്തികൾക്ക് കാലിത്തീറ്റ നൽകിയിരിക്കുന്നു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | ഗുണഭോക്തൃലിസ്റ്റ് പ്രകാരം | കാലിത്തീറ്റ വിതരണ ലിസ്റ്റ് പ്രകാരം |
|---|---|---|

| | | |
|---|---|---|
| 1 | ചെല്ലമണി,ചേരിക്കൽ | ചെല്ലമണി,ചേരിക്കൽ |
| 2 | കൃഷ്ണക്കുട്ടി , ചേരിക്കൽ | കൃഷ്ണക്കുട്ടി , ചേരിക്കൽ |
| 3 | ലീല പള്ളം | ലീല പള്ളം |
| 4 | നീലകണ്ഠൻ പള്ളം ,ചേറുംകാട് | കുഞ്ഞൻ പള്ളം |
| 5 | ദേവു ചേരിക്കൽ, കാവശ്ശേരി | പാർവ്വതി പള്ളം |
| 6 | കമലം,പാറപ്പുറം ചുണ്ടക്കാട് | ജയരാജ് പരായ്ക്കാട്ടുകാവ് |

മേൽ പട്ടികയിൽ ക്രമനം 4 മുതൽ 6 വരെയുള്ള ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് കാലിത്തീറ്റ വിതരണം ചെയ്തിട്ടില്ല. പകരം കുഞ്ഞൻ പള്ളം, പാർവ്വതി പള്ളം, ജയരാജ് പരായ്ക്കാട്ടുകാവ് എന്നീ വ്യക്തികൾക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത വ്യക്തികളുടെ ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടുള്ള എൻക്വയറിയ്ക്ക് (9/16.06.25) പ്രസ്തുത വ്യക്തികൾക്ക് കാലിത്തീറ്റ ഇറക്കിയ ഫെബ്രുവരി മാസത്തിൽ പാലളവില്ലാത്തതിനാലാണ് പകരം മറ്റ് മൂന്ന് എസ്.സി കർഷകർക്ക് നൽകിയത് എന്നും മറുപടി നൽകിയിട്ടുണ്ട്. മേൽപറഞ്ഞ മൂന്നുപേർക്ക് കാലിത്തീറ്റ വിതരണം ചെയ്തതിന് അടുത്ത ഭരണസമിതിയോഗത്തിൽ സാധൂകരണം വാങ്ങുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തുടർനടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-11 പട്ടികജാതി വികസന ഓഫീസർ നടപ്പിലാക്കിയ പദ്ധതികളിലെ അപാകങ്ങൾ

ആലത്തൂർ ബ്ലോക്ക് പഞ്ചായത്തിലെ പട്ടികജാതി വികസന ഓഫീസർ നടപ്പിലാക്കിയ പദ്ധതികളിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

A) വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം -

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പട്ടികജാതി വികസന ഓഫീസർ |
| പ്രോജക്ട് നമ്പർ/ പേര് | 1. 200/25-പട്ടികജാതി വനിത വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം<br>2. 201/25 -പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം |
| അടങ്കൽ | 1). 1900000 വികസനഫണ്ട് -എസ്. സി.പി<br>2).16,50,000 വികസനഫണ്ട് -എസ്. സി.പി |
| ചെലവ് | 1).1390000 (വികസനഫണ്ട് -എസ്. സി.പി)<br>(9 ബില്ലുകൾ) |

| | |
|---|---|
| | 2).8,00,000 (വികസനഫണ്ട് - എസ്.സി.പി)<br>(9 ബില്ലുകൾ) |

പഠനമുറി നിർമ്മാണത്തിനായി 200000 രൂപ വീതം ധനസഹായം നൽകുന്നതിനാണ് പദ്ധതികൾ ലക്ഷ്യമിടുന്നത്. പഠനമുറികൾക്കായി പ്രോജക്റ്റുകൾ നടപ്പിലാക്കിയതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. പഠനമുറിയുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

2022-2023 വർഷം മുതലുള്ള ഗുണഭോക്തൃലിസ്റ്റിലെ വ്യക്തികൾക്കാണ് പദ്ധതി ആനുകൂല്യം നൽകിയിട്ടുള്ളത്. നാളിതുവരെയായിട്ടും പഠനമുറിയുടെ നിർമ്മാണം പൂർത്തികരിക്കാത്ത ഗുണഭോക്തക്കളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വിദ്യാർത്ഥിയുടെ പേര് / വ്യക്തിയുടെ പേര് | പഞ്ചായത്ത് | ആദ്യ ഗഡു തീയതി | അനുവദിച്ച അവസാനത്തെ ഗഡു | ആകെ ലഭിച്ച തുക |
|---|---|---|---|---|---|
| 1 | നിതിൻ രാജ്/ ലക്ഷമിക്കുട്ടി | കാവശ്ശേരി | 50000/ 30.09.2022 | 50000/ 30.09.2022 | 50000 |
| 2 | ശ്രുതി .എം/ മണികണ്ഠൻ | പുതുക്കോട് | 50000/ 30.09.2022 | 50000/ 9.03.2023 | 175000 |

| | | | | | |
|---|---|---|---|---|---|
| 3 | രേവതി .ആർ/ രതീഷ് | പുതുക്കോട് | 50000/ 30.09.2022 | 50000/ 14.02.2023 | 175000 |
| 4 | ദിവ്യ .കെ/ കേശവൻ .പി | കണ്ണമ്പ്ര | 50000/19.10.2022 | 75000/ 09.03.2023 | 125000 |
| 5 | പ്രതുല്യ.എം / മോഹനൻ | എരിമയൂർ | 50000/ 30.09.2022 | 75000/ 2.11.2022 | 125000 |
| 6 | വൈഷണവ് .പി.വി | വടക്കഞ്ചേരി | 50000/ 29.09.2022 | 75000/6.12.22 | 125000 |
| 7 | അമൃത ദേവരാജൻ | കിഴക്കഞ്ചേരി | 50000/4.1.2023 | 50000/11.11.2024 | 175000 |
| 8 | ആര്യ മോൾ .എസ് | എരിമയൂർ | 50000/11.01.23 | 50000/ 12.07.2023 | 175000 |
| 9 | സൂരജ്/ തങ്കൻ .സി | കാവശ്ശേരി | 50000/11.01.23 | -- | 50000 |
| 10 | ദേവിക.പി.ഡി | കാവശ്ശേരി | 50000/11.01.23 | 50000/ 11.11.24 | 175000 |
| 11 | ഗൌരി .ബി/ ബാബു | വടക്കഞ്ചേരി | 50000/25.01.23 | 50000/ 24.06.2023 | 175000 |
| 12 | ശ്രേയ.എസ്/ സുരേഷ് .സി | കിഴക്കഞ്ചേരി | 50000/09.03.2022 | 50000/ 11.11.24 | 175000 |
| 13 | രാഹുൽ, ആർ/ | എരിമയൂർ | 50000/13.03.23 | 50000/ 11.11.24 | 175000 |

| | | | | | |
|---|---|---|---|---|---|
| | വേലായുധൻ | | | | |
| 14 | വിഷ്ണു.വി | കാവശ്ശേരി | 50000/13.03.23 | 50000/ 13.03.23 | 50000 |
| 15 | ആതിര /ദേവി | പുതുക്കോട് | 50000/13.03.23 | 50000/ 9.12.24 | 175000 |
| 16 | നീരജ/ കുചേലൻ | കിഴക്കഞ്ചേരി | 50000/23.09.24 | 45000/ 22.03.25 | 170000 |
| 17 | സുരഭി.എസ്/ സുന്ദരൻ | തരൂർ | 50000/23.09.24 | 50000/ 23.01.2025 | 175000 |
| 18 | ഗംഗ.എസ്/ സരസ്വതി | ആലത്തൂർ | 50000/23.09.24 | 80000/ 10.03.2025 | 170000 |
| 19 | ഗോപിക/ ശോഭന | കണ്ണമ്പ്ര | 50000/23.09.24 | 75000/ 03.01.25 | 125000 |
| 20 | ദിയ /രാജു | കാവശ്ശേരി | 50000/23.09.24 | 75000/ 03.01.25 | 125000 |
| 21 | നീതു പ്രകാശ് | എരിമയൂർ | 50000/23.09.24 | 50000/ 09.12.24 | 175000 |
| 22 | വിസ്മയ | എരിമയൂർ | 50000/23.09.24 | 50000/ 23.09.24 | 50000 |

2022-23 സാമ്പത്തിക വർഷം മുതൽ ധനസഹായം അനുവദിച്ച വ്യക്തികളുടെ പഠനമുറികളുടെ നിർമ്മാണം പോലും പൂർത്തീകരിച്ചിട്ടില്ല. എല്ലാ ഗുണഭോക്താക്കളുടേയും പഠനമുറികളുടെയും നിർമ്മാണം തരിതഗതിയിൽ പൂർത്തികരിച്ച് വിദ്യാർത്ഥികൾക്ക് ഉപയോഗപ്രദമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. <u>പഠനമുറിയുടെ വാല്യൂവേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല</u>

പതിനാലാം പഞ്ചവൽസരപദ്ധതി-25.02.2022 തീയതിയിലെ സ.ഉ(കൈ) നം.115/2022 നമ്പർ

തദ്ദേശ സ്വയം ഭരണ വകുപ്പിന്റ സബ്സിഡി മാർഗ്ഗരേഖ പ്രകാരം വീടിനോട് ചേർന്ന് നിർമ്മിക്കുന്ന പഠനമുറി (120 ചതുരശ്ര അടിയുള്ളത്) നിർമ്മാണത്തിന് 2 ലക്ഷം രൂപ ആകെ നൽകാവുന്നതാണ്. ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയറുടെ മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിലാണ് ധനസഹായം അനുവദിക്കേണ്ടത്. എന്നാൽ ഈ വർഷത്തിൽ പദ്ധതി പൂർത്തികരിച്ച പ്രോജക്റ്റുകളിൽ പഠനമുറികളുടെ വാല്യൂവേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പേര് | പഞ്ചായത്ത് |
|---|---|---|
| 1 | അർച്ചന .എം | തരൂർ |
| 2 | ആര്യലക്ഷമി | ,, |
| 3 | അക്ഷയ്.എം | കാവശ്ശേരി |
| 4 | കൃഷ്ണ പ്രിയ | തരൂർ |
| 5 | ഇൻസി.എസ് | കാവശ്ശേരി |
| 6 | അഭിഷേക്ശിവരാമൻ | കിഴക്കഞ്ചേരി |
| 7 | അനുശ്രീ | പുതുക്കോട് |
| 8 | ശ്രീരഞ്ജു.ആർ | എരിമയൂർ |
| 9 | ആദ്യലക്ഷമി.വി | വടക്കഞ്ചേരി |
| 10 | ദർശന.സി | തരൂർ |
| 11 | പ്രണവ് പി | കണ്ണമ്പ്ര |

3. പഠനമുറിയുടെ വിസ്തീർണ്ണം.

പദ്ധതി മാർഗ്ഗരേഖയിലെ ഖണ്ഡിക 7.2.13 പ്രകാരം വീടിനോടു ചേർന്ന് പരാമവധി 120 ചതുരശ്ര അടി വിസ്തീർണ്ണമുള്ള പഠനമുറി നിർമ്മിക്കാവുന്നതാണ്.ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനിയറുടെ മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിലാണ് ധനസഹായം അനുവദിക്കേണ്ടത്. എന്നാൽ ഓഡിറ്റ് വർഷത്തിൽ പൂർത്തികരിച്ച പഠനമുറി പ്രോജക്ടുകളുടെ ഫയൽ പ്രകാരം അപേക്ഷകരോടൊപ്പമുള്ള പ്ലാനിൽ 120 ചതുരശ്ര അടി (120 Square Feet= 11.1484$m^2$)വിസ്തീർണ്ണത്തിൽ കൂടുതലും കുറവും അളവ് രേഖപ്പെടുത്തിയിരിക്കുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്തവിന്റെ പേര് | പ്ലാൻ പ്രകാരം |
|---|---|---|
| 1 | അനഘ. | 13.99 $M^2$ |
| 2 | അക്ഷയ്.എം | 13.52 $M^2$ |
| 3 | തരുൺ ദാസ് | 15.60 $M^2$ |
| 4 | നീതു കൃഷ്ണ | 17.73 $M^2$ |
| 5 | ഇൻസി.എസ് | 13.39 $M^2$ |
| 6 | കിരൺ സി.കെ | 16.64 $M^2$ |
| 7 | അഭിഷേക് | 19.89 $M^2$ |

പദ്ധതി മാർഗ്ഗരേഖ പ്രകാരമുള്ള നടപടികൾ പാലിച്ച് മാത്രം പ്രോജക്ട് നടപ്പിലാക്കേണ്ടതാണ്.

B)ചെലവുകൾക്ക് ആധാരമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ/ | 115/25 -പട്ടികജാതി വികസന ഓഫീസിലേയ്ക്ക് ആവശ്യമായ ഭരണ |

| | |
|---|---|
| പേര് | ഓഫീസ് ചെലവുകൾ |
| അടങ്കൽ | 150000 (മെയിന്റനൻസ് ഫണ്ട്-നോൺ റോഡ്) |
| ചെലവ് | 133707 (മെയിന്റനൻസ് ഫണ്ട്-നോൺ റോഡ്)<br>(14 ബില്ലുകൾ) |

പട്ടികജാതി വികസന ഓഫീസിലെ ഭരണ ചെലവുകളിൽ രജിസ്റ്റർ, ചൂൽ, വെള്ളം , സ്റ്റേഷനറി സാധനങ്ങൾ എന്നിവ വാങ്ങിയ ബില്ലുകൾ ഹാജരാക്കിയിട്ടില്ല. പകരം ഓഫീസിലെ ശ്രീ.അരുൺ.ആർ (ഒ.എ), ശ്രീ.എം ദിനേഷ് കുമാർ എന്നിവർ എഴുതിയ തയ്യാറാക്കിയ വൌച്ചർ മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| വാങ്ങിയ സാധനങ്ങൾ | വില | തീയതി | ബിൽ നം . |
|---|---|---|---|
| കുടിവെള്ളം | 480 | 4.6.24 | 1/24-25 Dt.20.7.24 |
| കുടിവെള്ളം | 480 | 1.7.24 | |
| ചൂൽ | 130 | 10.7.24 | |
| രജിസ്റ്റർ | 260 | 5.7.24 | |
| രജിസ്റ്റർ | 160 | 4.7.24 | |
| കുടിവെള്ളം | 300 | 20.3.24 | |
| കുടിവെള്ളം | 300 | 25.4.24 | |

| | | | |
|---|---|---|---|
| കുടിവെള്ളം | 480 | 4.3.24 | |
| കുടിവെള്ളം | 480 | 4.4.24 | |
| സ്റ്റേഷനറി | 270 | 4.9.24 | 05/24-25 Dt 20.9.24 |
| ഹരിതകർമ്മ സേന | 200 | 12.8.24 | |
| കുടിവെള്ളം | 120 | 13.8.24 | |
| രജിസ്റ്റർ | 180 | 12.8.24 | |
| ബാത്ത്റൂം ക്ലീനിങ് മെറ്റീരിയൽ സ് | 360 | 6.8.24 | |
| കുടിവെള്ളം | 360 | 2.8.24 | |
| മഷി | 498 | 1.8.24 | |

ബില്ലുകൾ ഇല്ലാതെ വൌച്ചർ രേഖകൾ നിർമ്മിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. സാധനങ്ങളുടെയും, സ്റ്റേഷനറി വസ്തുക്കളുടെയും ബില്ലുകൾ സൂക്ഷിക്കേണ്ടത് നിർവഹണ ഉദ്യോഗസ്ഥന്റെ ചുമതലയാണ്.

C) സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

താഴെ പറയുന്ന പ്രോജക്റ്റുകളിൽ വാങ്ങിയ സാധനസാമഗ്രികളുടെ വിവരങ്ങൾ രേഖപ്പെടുത്തിയ സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ/ പേര് | 269/25 ആലത്തൂർ, വടക്കഞ്ചേരി പ്രീമെട്രിക് ഹോസ്റ്റലുകളിലേയ്ക്ക് ഫർണിച്ചർ വാങ്ങൽ - |

| | |
|---|---|
| അടങ്കൽ | 240000 (മെയിന്റനൻസ് ഫണ്ട്-നോൺ റോഡ്) |
| ചെലവ് | 240000 (മെയിന്റനൻസ് ഫണ്ട്-നോൺ റോഡ്)<br>ബിൽ നം.35./24-25-26.3.25-240000 |

ആലത്തൂർ, വടക്കഞ്ചേരി പ്രീമെട്രിക് ഹോസ്റ്റലുകളിലേയ്ക്ക് ഫർണിച്ചർ വാങ്ങിയതിൽ ആലത്തൂർ പട്ടികജാതി വികസന ഓഫീസിൽ സ്റ്റോക്ക് എടുത്തതിന്റെ രേഖകൾ മാത്രമാണ് ഹാജരാക്കിയിരിക്കുന്നത് . എന്നാൽ ഇവ ഹോസ്റ്റലുകളിലേയ്ക്ക് വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച എൻക്വയറിയ്ക്ക് (15/17.06.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പരാമർശങ്ങൾക്ക് വിശദീകരണത്തോടൊപ്പം അവ സാധൂകരിക്കുന്ന രേഖകളും ലഭ്യമാക്കേണ്ടതാണ്.

**1-12 ഒരേ വാഹനം ഒരേ സമയം ഒന്നിലധികം യൂണിറ്റുകളിൽ ഓടി വാഹന വാടക കൈപ്പറ്റി-7950 രൂപ അധികം നൽകി**

നിർവ്വഹണോദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ, സി.എച്ച്.സി പഴമ്പാലക്കോട്

1) പ്രോജക്ട് നം 20/25

സാന്ത്വന പരിചരണം, സെക്കണ്ടറി യൂണിറ്റ്, സി.എച്ച്.സി പഴമ്പാലക്കോട്.

അടങ്കൽ 700000 (വികസനഫണ്ട്-ജനറൽ)

ചെലവ്- 700000

2) പ്രോജക്ട് നം 34/25

രോഗപ്രതിരോധ കുത്തിവെയ്പ്പ്, ഔട്ട് റീച്ച് ഇമ്മ്യൂണൈസേഷൻ പ്രോഗ്രാം

അടങ്കൽ -160000(വികസനഫണ്ട്-ജനറൽ)

ചെലവ് -160000

മേൽ പറഞ്ഞ 2 പദ്ധതികൾക്കായി വാഹന വാടക ഇനത്തിലുള്ള ചെലവ് രേഖകളിൽ കണ്ടെത്തിയ അപാകങ്ങൾ താഴെ ചേർക്കുന്നു.

പ്രോജക്ട് ഫയലുകളിലെ വിവിധ ബില്ലുകളോടൊപ്പം ഹാജരാക്കിയിട്ടുള്ള വൗച്ചറുകളുടെ / വാഹനത്തിന്റെ ട്രിപ്പ് ഷീറ്റുകളുടെ പരിശോധനയിൽ ഒരേ ദിവസം ഇമ്മ്യൂണൈസേഷൻ പ്രോഗ്രാമിനും വിവിധ കേന്ദ്രങ്ങളിലെ ഹോംകെയറിനും വേണ്ടി ഒരേ വാഹനവും ഡ്രൈവറും ഓടിയതായി കാണിച്ച് വാടക നൽകിയിട്ടുള്ളതായി കണ്ടെത്തി.

ഒരേ വാഹനം ഒരേ സമയം ഒന്നിലധികം യൂണിറ്റുകളിൽ ഓടി വാഹന വാടക കൈപ്പറ്റിയതിന്റെ വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | വാഹനം, ഡ്രൈവറുടെ പേര് | ട്രിപ്പ്ഷീറ്റ് പ്രകാരം വാഹനം ഓടിയ തിയതി | ഒരേ ദിവസം ഒരേ സമയം വാഹനം ഓടിയതായി കണ്ടെത്തിയത് | വാടക ഇനത്തിൽ നൽകിയ തുക (രൂപയിൽ) | ബിൽ നം. തിയതി, ബിൽ തുക | അധികം/ അനർഹമായി നൽകിയത് തുക |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1 | KL49 A 5939 കൃഷ്ണൻകുട്ടി | 30.04.2024 | വൗച്ചർ നം 38/ 24-25/30.04.24 ഔട്ട് റീച്ച് ഇമ്മ്യൂണൈസേഷൻ പ്രോഗ്രാമിന്റെ ഭാഗമായി രാവിലെ 9.30 മുതൽ ഉച്ചക്ക് 2.30 വരെയുള്ള സമയത്തിൽ പഴമ്പാലക്കോട് സി.എച്ച്.സി സൂപ്രണ്ടിനെയും ക്ലർക്കിനെയും വിവിധ സ്ഥലങ്ങളിൽ പോയി തിരിച്ച്ചെത്തിച്ചതായി | **2000** | ബിൽ നം 30/26.06.24 തുക- 16100 | 2000 |

| | | | | | | |
|---|---|---|---|---|---|---|
| | | രേഖപ്പെടുത്തി യിട്ടുണ്ട്. 80 കി.മീ ഓടിയതായി രേഖപ്പട്ടുത്തി യിട്ടുണ്ട്. | | | | |
| | | വൗച്ചർ നം 16/ 30.04.24- പാലിയേറ്റീവ് കെയർ ഗൃഹ സന്ദർശന ത്തിനായി രാവിലെ 10 മണി മുതൽ വൈകിട്ട് 4 മണി വരെ ഗൃഹസന്ദർ ശനം ടീമിനെ പഞ്ചായ ത്തിന്റെ വിവിധ പ്രദേശ | **1090** | ബിൽ നം 18/03.06.24 തുക -21900 | 0 | |

| | | | | | | |
|---|---|---|---|---|---|---|
| | | | ങ്ങളിൽ കൊണ്ടു പോയത് . 45 കി മീ വാഹനം ഓടി. | | | |
| 2 | KL49 A 5939 കൃഷ്ണൻകുട്ടി | 11.07.2024 | വൗച്ചർ നം 01/ 24-25-മന്ത് രോഗികൾക്കുള്ള മരുന്നും അനുബന്ധ സാധനങ്ങളും കൊടുക്കുന്ന തിനായി രാവിലെ 9 മുതൽ വൈകിട്ട് 3.30 വരെ വിവിധ സ്ഥലങ്ങളിൽ പോയി വന്നത്. 80 കി മീ വാഹനം ഓടിയതായി | 2000 | ബിൽ നം 41/02.08.24 തുക - 10980 | 2000 |

| | | | | | |
|---|---|---|---|---|---|
| | | കാണിച്ചിട്ടുണ്ട്. | | | |
| | | വൗച്ചർ നം 06/ 11.07.24 പാലിയേറ്റീവ് കെയർ ഗൃഹസന്ദർശനത്തിനായി രാവിലെ 10 മണി മുതൽ വൈകിട്ട് 4 മണി വരെ ഗൃഹസന്ദർശനം ടീമിനെ പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ കൊണ്ടു പോയത്. 47കി മീ വാഹനം ഓടി. | 1100 | ബിൽ നം 43/08.08.24 തുക - 22400 | 0 |

| | | | | | | |
|---|---|---|---|---|---|---|
| 3 | KL49 A 5939 കൃഷ്ണൻകുട്ടി | 18.07.2024 | വൗച്ചർ നം 04/24-25, പഴമ്പാലക്കോട് സി.എച്ച്.സിയിൽ നിന്നും കാവശ്ശേരിയിൽ നിന്നും മണ്ണെണ്ണ എടുക്കാൻ പോയി വന്നത്. (സമയം രേഖപ്പെടുത്തിയിട്ടില്ല- 20 കി മീ ഓടിയതായി കാണിച്ചിട്ടുണ്ട്.) | 800 | ബിൽ നം 41/02.08.24 തുക - 10980 | 800 |
| | | | വൗച്ചർ നം 10/ 18.07.24 പാലിയേറ്റീവ് കെയർ | 1000 | ബിൽ നം 43/08.08.24 തുക - 22400 | 0 |

| | | | | | | |
|---|---|---|---|---|---|---|
| | | | ഗൃഹസന്ദർശന ത്തിനായി രാവിലെ 10 മണി മുതൽ വൈകിട്ട് 4 മണി വരെ ഗൃഹസന്ദർ ശനം ടീമിനെ പഞ്ചായ ത്തിന്റെ വിവിധ പ്രദേശങ്ങളിൽ കൊണ്ടു പോയത്. 37കി മീ വാഹനം ഓടി. | | | |
| 4 | KL49 A 5939 കൃഷ്ണൻകുട്ടി | 22.08.2024 | വൗച്ചർ നം 05/22.08.24 ഔട്ട് റീച്ച് ഇമ്മ്യൂണൈ | 1500 | ബിൽ നം 51/10.09.24 തുക 8950 | 1500 |

| | | | | | | |
|---|---|---|---|---|---|---|
| | | സേഷൻ പ്രോഗ്രാമിന്റെ ഭാഗമായി രാവിലെ 9.30 മുതൽ വൈകിട്ട് 3 വരെയുള്ള സമയത്തിൽ പഴമ്പാലക്കോട് സി.എച്ച്.സി സൂപ്രണ്ടിനെയും ക്ലർക്കിനെയും വിവിധ സ്ഥലങ്ങളിൽ പോയി തിരിച്ച്ചെത്തി ച്ചതായി രേഖപ്പെടുത്തി യിട്ടുണ്ട്. 50 കി മീ ഓടിയതായി | | | | |

| | | | | | |
|---|---|---|---|---|---|
| | | കാണിച്ചിട്ടുണ്ട് | | | |
| | | വൗച്ചർ നം 11/ 22.08.24 പാലിയേറ്റീവ് കെയർ ഗൃഹസന്ദർശനത്തിനായി രാവിലെ 10 മണി മുതൽ വൈകിട്ട് 4 മണി വരെ ഗൃഹസന്ദർശനം ടീമിനെ പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ കൊണ്ടു പോയത്. 45കി മീ | 1100 | ബിൽ നം 53/10.09.24, തുക 22600 | |

| | | | | | | |
|---|---|---|---|---|---|---|
| | | | വാഹനം ഓടി. | | | |
| 5 | KL49 A 5939 കൃഷ്ണൻകുട്ടി | 09.09.2024 | വൗച്ചർ നം ഇല്ല. രോഗ പ്രതിരോധ കുത്തി വെയ്പ്പിനായി കാരുണ്യ മരുന്നുകൾ എടുക്കാനായി പാലക്കാട് പോയി വന്നത്. രാവിലെ 10 മുതൽ ഉച്ചക്ക് 1.30 വരെ (75 കിമീ ഓടിയതായി കാണിച്ചിട്ടുണ്ട്) | 1650 | ബിൽ നം 56/ 25.09.24/ തുക-**3250**രൂപ | 1650 |
| | | | വൗച്ചർ നം 5/09-09-24.പാലിയേറ്റീവ് കെയർ | 1000 | ബിൽ നം 67/10.10.24 തുക 22060 | 0 |

| | | | | | |
|---|---|---|---|---|---|
| | | ഗൃഹസന്ദർശനത്തിനായി രാവിലെ 10 മണി മുതൽ വൈകിട്ട് 4 മണി വരെ ഗൃഹസന്ദർശനം ടീമിനെ പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ കൊണ്ടു പോയത് . 37കി മീ വാഹനം ഓടി. | | | |
| | ആകെ അധികം നൽകിയത് | | | | **7950** |

ഒരു വാഹനം ഒരേ സമയം ഒരു സ്ഥലത്ത് മാത്രമേ ഓടാൻ സാധിക്കു എന്നതിനാൽ മേൽ പറഞ്ഞ വിധം രണ്ട് സ്ഥലങ്ങളിൽ  ഓടിയതായി ട്രിപ്പ് ഷീറ്റുകൾ വ്യാജമായി തയ്യാറാക്കി തുക നൽകിയതാണ് എന്നത് വ്യക്തമാണ്.

ശ്രീ കൃഷ്ണൻകുട്ടി, കുന്നംപുറം, വടക്കുമുറി അത്തിപ്പൊറ്റ എന്ന ഡ്രൈവറെ ( KL49 A 5939 ) സാന്ത്വന പരിചരണം ആവശ്യത്തിലേക്കായി 2024-25 വർഷം ക്വട്ടേഷൻ നടത്തി

തെരഞ്ഞെടുത്തിട്ടുള്ളതാണ്. സെക്കണ്ടറി യൂണിറ്റിലെ എല്ലാ ഗൃഹസന്ദർശനത്തിനും ഉപയോഗിച്ചിട്ടുള്ളത് ഇദ്ദേഹത്തിന്റെ വാഹനമാണ്. ആയതിനാൽ സാന്ത്വനപരിചരണം ദിവസങ്ങളിൽ തന്നെ രോഗ പ്രതിരോധ കുത്തി വെയ്പിനായി ഓടിയതായി നൽകിയിട്ടുള്ള വ്യാജ ട്രിപ്പ് ഷീറ്റുകളും നൽകിയ വേതനവും അംഗീകരിക്കാവുന്നതല്ല. 5 ദിവസങ്ങളിലായി ആകെ **7950** രൂപ ഇത്തരത്തിൽ വ്യാജ രേഖകളുടെ അടിസ്ഥാനത്തിൽ ചെലവഴിച്ചിട്ടുള്ളതായി കണ്ടെത്തി.

ഈ വിഷയം ഓഡിറ്റ് അന്വേഷണം നം 6/13-06-25 പ്രകാരം മെഡിക്കൽ ഓഫീസറെ അറിയിച്ചിട്ടുള്ളതിന് 16.06.25 ന് മറുപടി ലഭ്യമാക്കി. ഹോം കെയർ ഉള്ള ദിവസങ്ങളിൽ തന്നെ പല സെക്ഷനുകളിൽ നിന്നും പല ആവശ്യങ്ങൾക്കായി വാഹനം ആവശ്യപ്പെടാറുണ്ടെന്നും പഴമ്പാലക്കോട് സി.എച്ച്.സി ക്ക് സ്വന്തമായി വാഹനം ഇല്ലാത്തതിനാൽ ചില സമയങ്ങളിൽ പുറമെയുള്ള സ്ഥലങ്ങളിൽ നിന്നും വാഹനം വാടകക്ക് വിളിക്കേണ്ടി വരാറുണ്ടെന്നും ഇത്തരം സന്ദർഭങ്ങളിൽ ശ്രീ കൃഷ്ണൻകുട്ടി എന്ന വ്യക്തി സ്വന്തം കയ്യിൽ നിന്നും തുക നൽകുകയും അവരുടെ ട്രിപ്പ് ഷീറ്റ് നൽകുകയും ചിലപ്പോൾ Paid By Me എന്നെഴുതി ഒപ്പിട്ടു നൽകുകയും ചെയ്യാറുണ്ടെന്നും കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ സൂപ്രണ്ട് അറിയിച്ചു. പുറമെ നിന്നും വാഹനം വാടകയ്ക്ക് വിളിച്ചാൽ വലിയ തുക നൽകേണ്ടി വരും എന്നതിനാലാണ് ഇപ്രകാരം ചെയ്തതെന്നും അറിയിച്ചു.

സെക്കണ്ടറി സാന്ത്വന പരിചരണം പദ്ധതിക്ക് മാത്രമാണ് ശ്രീ കൃഷ്ണൻകുട്ടി എന്ന വ്യക്തിയെ തെരഞ്ഞെടുത്തിട്ടുള്ളത് എന്നതിനാൽ ഈ മറുപടി അംഗീകരിക്കാവുന്നതല്ല.

അനർഹമായി നൽകിയ തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ

ഈടാക്കേണ്ടതാണ്.

**1-13 വടക്കഞ്ചേരി സാമൂഹികാരോഗ്യകേന്ദ്രം - സോളാർ പാനൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല**

പ്രോജക്ട് നം **139/25**

അടങ്കൽ **-623110**രൂപ **(** മെയിൻ്റനൻസ് ഫണ്ട് റോഡിതരം**)**

ചെലവ് **- (**ബിൽ നം**.57/21.01.25)-**623110

നിർവ്വഹണോദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ, സാമൂഹികാരോഗ്യ കേന്ദ്രം, വടക്കഞ്ചേരി**.**

വടക്കഞ്ചേരി സാമൂഹികാരോഗ്യകേന്ദ്രത്തിൽ 17 KW പവറിലുള്ള ഓൺഗ്രിഡ് സോളാർ ഫോട്ടോ വോൾട്ടായിക് പവർ പ്ലാൻ്റ് സ്ഥാപിക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. അനർട്ട് മുഖാന്തരം ഡെപ്പോസിറ്റ് പ്രവൃത്തി ആയാണ് പദ്ധതി നടപ്പിലാക്കുന്നത്. അനർട്ടിന്റെ ഡിമാൻ്റ് നോട്ടീസ് / ഇൻവോയ്സ് നം. 97/ ANERT(PL)/2023 തിയ്യതി 14.12.2024 പ്രകാരം ആകെ 623110രൂപ പാലക്കാട് SBI ബ്രാഞ്ചിലെ 67141838546 നമ്പർ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്.

താഴെ പറയുന്ന ഘടകങ്ങൾ പ്രവൃത്തിയിൽ ഉൾപ്പെടുത്തിയാണ് തുക നൽകിയിട്ടുള്ളത്.

1. Supply And Installation - 5,06,464 രൂപ

2. Additional Amount For Additional Structure - 60,000 രൂപ

3. 10% ANERT Service Charge - 56,646 രൂപ

അനർട്ട് പാലക്കാട് ജില്ലാ എഞ്ചിനീയറും ആലത്തൂർ താലൂക്ക് ആശുപത്രി സൂപ്രണ്ട് ഉം തമ്മിലുള്ള കരാർ ഫയലിൽ ലഭ്യമല്ല. പദ്ധതി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം 12/16.06.25 ന് മറുപടി ലഭ്യമാക്കിയിട്ടില്ല)

**1-14 "കാർബൺ സന്തുലിത താലൂക്ക് ആശുപത്രി- സോളാർ സ്ഥാപിക്കൽ" പദ്ധതി പൂർത്തീകരിച്ചിട്ടില്ല**

ആലത്തൂർ താലൂക്ക് ആസ്ഥാന ആശുപത്രിയിൽ സോളാർ പവർ പ്ലാന്റ് സ്ഥാപിക്കുന്നതിനായി "കാർബൺ സന്തുലിത താലൂക്ക് ആശുപത്രി- സോളാർ സ്ഥാപിക്കൽ" എന്ന പേരിൽ പദ്ധതി രൂപീകരിച്ചിട്ടുണ്ട്.

പ്രോജക്റ്റ് നം 187/25

അടങ്കൽ -15,94,725 രൂപ ( മെയിന്റനൻസ് ഫണ്ട് റോഡിതരം)

ചെലവ് - 15,94,725 (ബിൽ നം 17/11.09.24).

നിർവ്വഹണോദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി, ആലത്തൂർ

20 KW പവറിലുള്ള ഓൺഗ്രിഡ് സോളാർ പവർ പ്ലാന്റ് ആണ് സ്ഥാപിക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. അനർട്ട് മുഖാന്തരം ഡെപ്പോസിറ്റ് പ്രവൃത്തി ആയാണ് പദ്ധതി നടപ്പിലാക്കുന്നത്. അനർട്ടിന്റെ ഡിമാന്റ് നോട്ടീസ് / ഇൻവോയ്സ് നം. 97/ ANERT(PL)/2023

തിയ്യതി 20.09.2024 പ്രകാരം ആകെ 15,94,725 രൂപ പാലക്കാട് SBI ബ്രാഞ്ചിലെ 67141838546 നമ്പർ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്.

താഴെ പറയുന്ന ഘടകങ്ങൾ പ്രവൃത്തിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1. Supply And Installation - 14,00,000 രൂപ

2. Additional Amount For Additional Structure - 49,750 രൂപ

3. 10% ANERT Service Charge - 1,44,975 രൂപ

01.10.2024 ന് അനർട്ട് പാലക്കാട് ജില്ലാ എഞ്ചിനീയറും ആലത്തൂർ താലൂക്ക് ആശുപത്രി സൂപ്രണ്ട് ഉം തമ്മിലുള്ള കരാർ നം 6829 പ്രകാരം 6 മാസത്തിനുള്ളിൽ പദ്ധതി പൂർത്തീകരിക്കണമെന്നും പ്രവൃത്തി നടപ്പിലാക്കിയില്ലെങ്കിൽ ഡെപ്പോസിറ്റ് ചെയ്ത തുകയും അനുവദനീയമായ പലിശയും ഉൾപ്പെടെയുള്ള തുക അനർട്ട് തിരികെ നൽകണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും ലിമിറ്റഡ് ടെണ്ടർ നടത്തിയാണ് അനർട്ട് പ്രവൃത്തി നടപ്പിലാക്കുന്നത്. 2025 മാർച്ച് 31 ന് കരാർ കാലാവധി അവസാനിച്ചിട്ടും നാളിതു വരെയും പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. പ്രവൃത്തി പൂർത്തീകരിക്കാൻ വൈകുന്നത് സംബന്ധിച്ച് 29.04.25 ന് താലൂക്ക് ആശുപത്രി സൂപ്രണ്ട് അനർട്ടിന് കത്ത് നൽകിയിട്ടുണ്ടെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം 11/16.06.25 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

പദ്ധതി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

**1-15 കാർബൺ സന്തുലിത ബ്ലോക്ക് ഓഫീസ്- സോളാർ പാനൽ സ്ഥാപിക്കൽ പ്രവൃത്തി പൂർത്തിയിയിട്ടില്ല**

പ്രോജക്ക് നം-32 /25

അടങ്കൽ -11,00,000 രൂപ ( മെയിന്റനൻസ് ഫണ്ട് റോഡിതരം)

ചെലവ് - 11,00,000 (ബിൽ നം 30/17.12.2024).

നിർവ്വഹണോദ്യോഗസ്ഥൻ- ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി

20 KW പവറിലുള്ള ഓൺഗ്രിഡ് സോളാർ പവർ പ്ലാന്റ് ആണ് സ്ഥാപിക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. അനർട്ട് മുഖാന്തരം ഡെപ്പോസിറ്റ് പ്രവൃത്തി ആയാണ് പദ്ധതി നടപ്പിലാക്കുന്നത്. അനർട്ടിന്റെ ഡിമാന്റ് നോട്ടീസ് / ഇൻവോയ്സ് നം. 97/ ANERT(PL)/2023 തിയ്യതി 23.07.2024 പ്രകാരം ആകെ 11,00,000 രൂപ പാലക്കാട് SBI ബ്രാഞ്ചിലെ 67141838546 നമ്പർ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്.

താഴെ പറയുന്ന ഘടകങ്ങൾ പ്രവൃത്തിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1. Supply And Installation - 9,40,000 രൂപ

2. Additional Amount For Additional Structure - 70,000 രൂപ

3. 10% ANERT Service Charge - 101,000 രൂപ ( തുക മുഴുവൻ നൽകിയിട്ടില്ല)

10.10.2024 ന് അനർട്ട് പാലക്കാട് ജില്ലാ എഞ്ചിനീയറും ആലത്തൂർ താലൂക്ക് ആശുപത്രി സൂപ്രണ്ട് ഉം തമ്മിലുള്ള കരാർ നം 21454 പ്രകാരം 6 മാസത്തിനുള്ളിൽ പദ്ധതി പൂർത്തീകരിക്കണമെന്നും പ്രവൃത്തി നടപ്പിലാക്കിയില്ലെങ്കിൽ ഡെപ്പോസിറ്റ് ചെയ്ത തുകയും

അനുവദനീയമായ പലിശയും ഉൾപ്പെടെയുള്ള തുക അനർട്ട് തിരികെ നൽകണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും ലിമിറ്റഡ് ടെണ്ടർ നടത്തിയാണ് അനർട്ട് പ്രവൃത്തി നടപ്പിലാക്കുന്നത്. 2025 ഏപ്രിൽ 9 ന് കരാർ കാലാവധി അവസാനിച്ചിട്ടും നാളിതു വരെയും പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. പ്രവൃത്തി പൂർത്തീകരിക്കാൻ വൈകുന്നത് സംബന്ധിച്ചും 17.06.25 നകം സോളാർ സ്ഥാപിക്കുന്നതിന് ആവശ്യമായ നടപടികൾ ആരംഭിക്കണമെന്നും കാണിച്ച് 02.05.25ൽ അനർട്ടിന് കത്ത് നൽകിയിട്ടുണ്ടെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

(ഓഡിറ്റ് അന്വേഷണം നം 13/16.06.25 ന് മറുപടി ലഭ്യമാക്കിയിട്ടില്ല)

പദ്ധതി പൂർത്തീകരിക്കുന്നതിനായി സ്വീകരിച്ച തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

## 1-16 സോളാർ സ്ഥാപിക്കൽ - പദ്ധതി പൂർത്തിയായില്ല

പ്രൊജക്ട് - കാർബൺ സന്തുലിത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസ് സോളാർ ( 140/25)

അടങ്കൽ - 811525 (M.G- N.R)

ചെലവ് - 811525

Try Bill- 62/9.12.24

(BRN – 23140363006500951455/ 18.12.2024)

നിർവഹണം - അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

പദ്ധതി പ്രകാരം 10 KW OffGrid Solar Photovoltaic പവർ പ്ലാന്റ് സ്ഥാപിക്കുന്നതിനായി ANERT ന്റെ 67141838546 നമ്പർ ബാങ്ക് അക്കൗണ്ടിലേക്ക് 811525 രൂപ (Invoice No- 97/ ANERT (PL)/20.9.23) മുൻകൂറായി നൽകിയിട്ടുണ്ട്. 100 % പദ്ധതി തുകയും മുൻകൂറായി അനർട്ടിന് നൽകിയിട്ടുണ്ട്.

അനർട്ടുമായി 16/19.12.23 നമ്പരായി കരാർ ഒപ്പുവച്ചിട്ടുണ്ട്. കരാർ വ്യവസ്ഥ 4 പ്രകാരം അനർട്ട്, ഡെപ്പോസിറ്റ് തിയതി മുതൽ 6 മാസത്തിനകം പദ്ധതി നിർവഹണം പൂർത്തീകരിച്ച് നൽകേണ്ടതാണ്. കരാർ വ്യവസ്ഥ 6 പ്രകാരം നിർവഹണഉദ്യോഗസ്ഥൻ, അനർട്ട്, പവർപ്ലാന്റ് സ്ഥാപിക്കുന്ന ഏജൻസി (ടെണ്ടറിലൂടെ അനർട്ട് തിരഞ്ഞെടുത്തത്) എന്നിവർ തമ്മിൽ തൃകക്ഷി കരാറിൽ ഏർപ്പെടേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള കരാറിൽ ഏർപ്പെട്ടിട്ടില്ല . കരാർ കാലാവധി കഴിഞ്ഞിട്ടും സോളാർ പ്ലാന്റ് നാളിതുവരെ സ്ഥാപിച്ചിട്ടില്ല. നിലവിൽ ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ട് എന്നാണ് അധികൃതർ അറിയിച്ചത്. നിയമാനുസൃത തുടർനടപടികൾ സ്വീകരിച്ച് പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-17 മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിച്ച് ഓഫീസിലേക്ക് ഫിറ്റ്നെസ് ഉപകരണങ്ങൾ വാങ്ങി**

പ്രൊജക്ട് - ആലത്തൂർ സി.ഡി.പി.ഒ ഓഫീസിൽ ഫർണീച്ചറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ- 240/25

അടങ്കൽ - 5,00,000

ചെലവ് - 4,90,100 (Maintanence Grant)

നിർവഹണം - സി.ഡി.പി.ഒ

സി.ഡി.പി.ഒ ഓഫീസിലേക്ക് മേശ, കസേര, മൈക്ക് സെറ്റ്, പ്ലാസ്റ്റിക് ചെയറുകൾ തുടങ്ങിയവ വാങ്ങുന്നതിനുള്ള പദ്ധതിക്ക് 15.11.24 ലെ 2(1)നമ്പർ തീരുമാനപ്രകാരം ഭരണാനുമതി ലഭിച്ചിട്ടുണ്ട്. 24.2.25 ലെ 4 (1) നമ്പർ തീരുമാനപ്രകാരം പദ്ധതിയുടെ "വിവരണം" ഭേദഗതി ചെയ്യുകയും

" വനിതാ ജീവനക്കാരുടെ ശാരീരിക മാനസിക ആരോഗ്യത്തിനായി ഒഴിവ് സമയം (രാവിലെ 10 ന് മുൻപും ) ജീവിതശൈലി രോഗ നിയന്ത്രണത്തിനായി വ്യായാമം ചെയ്യുന്നതിനായി Leg Press, Spin Bike, Tread Mill തുടങ്ങിയ യോഗ ഉപകരണങ്ങൾ വാങ്ങുന്നതിനായി തുക വകയിരുത്തുന്നതിനാണ് പദ്ധതി "

എന്ന് പദ്ധതി വിവരണത്തിൽ ചേർക്കുകയും ചെയ്തു.

പദ്ധതി പ്രകാരം താഴെ പറയുന്ന ഇനങ്ങൾ വാങ്ങുന്നതിനായാണ് ഫണ്ട് ചെലവ് ചെയ്തിട്ടുള്ളത്.

| ബിൽ നം, തിയതി | തുക | സ്ഥാപനം | വാങ്ങിയ ഇനം |
|---|---|---|---|
| 69/17.2.25 | 295100 | AMTEK Solutions | ഓഫീസ് ടേബിൾ, |

| | | | |
|---|---|---|---|
| | | | ചെയർ തുടങ്ങിയ ഉപകരണങ്ങൾ |
| 77/21.3.25 | 25000 | ODEON Electrical Enterprises | Amplifier Set, Speech Table , Microphone Etc |
| 83/17.2.25 | 170000 | A.H.Wood Industries | Weight Lifting Set – 4 No - 8000/-<br>Yogamat – 5 No- 8000/-<br>Spin Bike 1 No- 40000/-<br>Eliptical Cross Trainer – 1 No – 60000<br>Double Twister – 1no – 30000/-<br>Abdominal Bench – 1 No- 20000/-<br>Gym Ball -2no - 4000/- |

| | | | |
|---|---|---|---|
| ആകെ | 490100 | | |

മെയിന്റനൻസ് ഗ്രാന്റ് മാർഗരേഖ പ്രകാരം കൈമാറികിട്ടിയ സ്ഥാപനങ്ങൾക്ക് ഫർണിച്ചർ വാങ്ങുന്നതിനാണ് അനുമതി ഉള്ളത്. വ്യായാമഉപകരണങ്ങൾ ഫർണിച്ചർ എന്ന വിഭാഗത്തിൽ ഉൾപ്പെടുന്നില്ല. പദ്ധതി മാർഗരേഖയിലും ഓഫീസിലേക്ക് വ്യായാമ ഉപകരണങ്ങൾ വാങ്ങുന്നതിന് വ്യവസ്ഥയില്ല.

CDPO ഓഫീസിലേക്ക് വ്യായാമഉപകരണങ്ങൾ വാങ്ങുന്നതിനായി പദ്ധതി ഫണ്ട് ചെലവഴിച്ചതിന് ആധാരമാക്കിയ സർക്കാർ ഉത്തരവ് / പ്രത്യേകാനുമതി ഉത്തരവ് പരിശോധനയ്ക്ക് ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് - 7/13.6.25 –ന് സർക്കാർ ഉത്തരവ് ഇല്ല എന്നും വനിത ശിശു വികസന വകുപ്പ് വഴി സ്ത്രീകൾക്കും കുട്ടികൾക്കും ശാരീരിക മാനസിക ആരോഗ്യം ഉറപ്പുവരുത്തുക എന്ന ഉദേശത്തോടു കൂടിയാണ് പദ്ധതി നടപ്പിലാക്കിയത് എന്നുമാണ് മറുപടി നൽകിയത്.

സി.ഡി.പി.ഒ ഓഫീസിൽ 13 ജീവനക്കാരുണ്ട് എന്നും അങ്കണവാടി പ്രവർത്തകരും കൗൺസലിംഗ് ആവശ്യമുള്ളവരും ഓഫീസിൽ എത്താറുണ്ട് എന്നും കൂടാതെ മെന്റൽ ഹെൽത്ത് വെൽനെസ് സെന്ററിൽ വരുന്ന ക്ലയന്റസിനും ഇവ ഉപയോഗിക്കാം എന്നാണ് സി.ഡി.പി.ഒ യുടെ മറുപടിയിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

പദ്ധതി മാർഗരേഖ പ്രകാരം വ്യായാമ കേന്ദ്രങ്ങൾ, ഓപ്പൺ ജിം, മുതലായവ നിർമ്മിക്കാനാണ് അനുമതി ഉള്ളത്. ഓഫീസുകളിൽ ഫിറ്റ്നെസ് ഉപകരണങ്ങൾ വാങ്ങുന്നത് അനുവദനീയമല്ല.

17.6.25 ന് സി.ഡി.പി.ഒ ഓഫീസിൽ നടത്തിയ പ്രാദേശിക പരിശോധനയിൽ

Weight Lifting Set – 4, -

Yogamat- 1 Nos-

എന്നിവ കണ്ടെത്താൻ കഴിഞ്ഞില്ല. സ്റ്റോക് രജിസ്റ്ററിൽ മേൽ പറഞ്ഞ ഉപകരണങ്ങൾ ലഭ്യമായതായി ചേർത്തിട്ടുണ്ട്. പദ്ധതി ഫണ്ട് ചെലവഴിച്ച് വാങ്ങി സ്റ്റോക്കിലെടുത്ത ഉപകരണങ്ങളാണ് ഭൗതിക പരിശോധനയിൽ കണ്ടെത്താൻ കഴിയാതിരുന്നത്.

ലഭ്യമായവയിൽ Gym Ball, Yogamat (4no) എന്നിവ പാക്കേജ് തുറക്കാത്ത നിലയിലാണ്. മറ്റ് ഉപകരണങ്ങൾ ഒന്നിച്ച് ഓഫീസിനകത്ത് സൂക്ഷിച്ചിട്ടുണ്ട്. മെഷിനറികൾ സ്ഥാപിക്കുന്നതിന് സ്ഥലപരിമിതിയുണ്ട്. കൂടാതെ ട്രെയിനറുടെ സഹായമില്ലാതെ ഇവ സുരക്ഷിതമായി ഉപയോഗിക്കുന്നതിനും പരിമിതികളുണ്ട്.




മെയിന്റനൻസ് ഗ്രാന്റ് മാർഗരേഖ (G.O(Ms)90/2023/Lsgd/9.4.23 )പ്രകാരം അനുവദനീയമല്ലാത്ത ഇനങ്ങൾ വാങ്ങുന്നതിനായി ചെലവഴിച്ച 170000 രൂപ തടസ്സപ്പെടുത്തുന്നു.

**1-18 ഭൗതികസാഹചര്യങ്ങൾ ഒരുക്കാതെ ഫിറ്റ്നെസ് സെന്ററിലേക്ക് ഉപകരണങ്ങൾ വാങ്ങി**

CDPO നിർവഹണം നടത്തിയ താഴെ പറയുന്ന പദ്ധതികൾക്കായി ഫിറ്റ്നെസ് ഉപകരണങ്ങൾ GEM മുഖേന വാങ്ങിയിട്ടുണ്ട്.

| | പ്രോജക്ട് | അടങ്കൽ | ചെലവ് | Try Bills | സ്ഥാപനം |
|---|---|---|---|---|---|
| 1 | എരിമയൂർ വനിത ഫിറ്റ്നെസ് സെന്റർ ഉപകരണം വാങ്ങൽ - പൂർത്തീകരണം ( 242/25) | 325000 | 325000 | 85/22.3.25 | A.H.Wood Industries-29940+<br>Global Ventures -289158<br>GST TDS - 5902 |
| 2 | എരിമയൂർ വനിത ഫിറ്റ്നെസ് സെന്റർ ഉപകരണം വാങ്ങൽ - 136/25 | 713000 | 711098 | 12/18.5.24 -135000/-<br>13/18.5.24 – 12600/-<br>14/18.5.24-107000<br>15/18.5.24 – 227000<br>16/18.5.24 – 63998 | A.H.Wood Industries |

| | | | | | |
|---|---|---|---|---|---|
| | | | | 17/18.5.24-30000<br>18/ /18.5.24-72500<br>19/ /18.5.24-63000 | |
| 3 | തളൂർ ഫിറ്റ്നെസ് സെന്റർ ഉപകരണം വാങ്ങൽ പൂർത്തീകരണം - 243/25 | 325000 | 325000 | 81/22.3.25 | A.H.Wood Industries-29987+<br>Global Ventures -289113<br>GST TDS - 5900 |
